<u>**15 -ാം കേരള നിയമസഭ**</u>

<u>**12 -ാം സമ്മേളനം**</u>

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1226** — **10-10-2024 - ൽ മറുപടിയ്ക്ക്**

<u>**കോഴിക്കോട് നഗരത്തിലെ തീരദേശ റോഡുകളുടെ വികസനം.**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് നഗരത്തിലെ തീരദേശ റോഡുകളുടെ വികസന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | കോഴിക്കോട് തീരദേശ പാതയുടെ ഭാഗമായി നടപ്പിലാക്കുന്ന വികസന പ്രവൃത്തികളുടെ പുരോഗതിയുടെ വിശദാംശം അനുബന്ധം 'A' ആയി ചേർത്തിരിക്കുന്നു. ഇതിൽ നഗരത്തിലെ പാതകളും ഉൾപ്പെടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| കോഴിക്കോട് ജില്ലയിലെ തീരദേശ റോഡുകളുടെ വികസന പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു | | |
|---|---|---|
| 1 | കടലുണ്ടിക്കടവ് മുതൽ മഠത്തിൽപ്പാടം വരെ | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 10.10 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 22.08.2023-ൽ കെ.ആർ എഫ്. ബിയ്ക്ക് നൽകിയിട്ടുണ്ട്. അതിർത്തികല്ലുകൾ സ്ഥാപിച്ചു വരുന്നു. ചാലിയം ഭാഗത്ത് അതിർത്തികല്ലുകൾ സ്ഥാപിക്കേണ്ടതുണ്ട്. |
| 2 | ബേപ്പൂർ പാലം | പ്രസ്തുത പ്രവൃത്തിയുടെ DPR കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തികാനുമതി കിഫ്ബിയുടെ പരിഗണനയിലാണ്. |
| 3 | ബി സി റോഡ് മുതൽ കോതി പാലം വരെ | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 86.24 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 22.08.2023-ൽ നൽകിയിട്ടുണ്ട്..അതിർത്തികല്ലുകൾ സ്ഥാപിച്ചു വരുന്നു. പയ്യാനക്കൽ ഭാഗത്തു കല്ലുകൾ സ്ഥാപിക്കേണ്ടതുണ്ട്. |
| 4 | കോതി പാലം മുതൽ പുതിയാപ്പ വരെ | പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. |
| 5 | പുതിയാപ്പ മുതൽ പുതിയനിരത്ത് വരെ | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 2.00 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 22.05.2023-ൽ നൽകിയിട്ടുണ്ട്.ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു.സാമൂഹികാഘാത പഠനം നടത്തേണ്ടതുണ്ട്. |
| 6 | പുതിയനിരത്ത് മുതൽ കോരപ്പുഴ വരെ | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 0.60 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 14.12.2022-ൽ നൽകിയിട്ടുണ്ട്. അതിർത്തികല്ലുകൾ സ്ഥാപിച്ച് കഴിഞ്ഞു. റവന്യൂ വിഭാഗവുമായുള്ള സംയുക്ത പരിശോധന നടത്തേണ്ടതുണ്ട്. |
| 7 | കോരപ്പുഴ മുതൽ കൊയിലാണ്ടി ഹാർബർ വരെ | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 11.76 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 20.03.2022-ൽ നൽകിയിട്ടുണ്ട്. 200 മീറ്റർ ഒഴികെ അതിർത്തികല്ലിടൽ പൂർത്തിയായി. |

| | | |
|---|---|---|
| 8 | കൊയിലാണ്ടി ഹാർബർ മുതൽ മുത്തായം വരെ | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 105.28 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 30.12.2023-ൽ നൽകിയിട്ടുണ്ട്.അതിർത്തികല്ലിടൽ പ്രവൃത്തി ഒരാഴ്ചയ്ക്കകം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| 9 | മുത്തായം മുതൽ കോടിക്കൽ വരെ | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി 3.54 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 20.03.2022-ൽ നൽകിയിട്ടുണ്ട്..അതിർത്തികല്ലുകൾ സ്ഥാപിച്ച് ഡ്രോയിംഗ് LAO ക്ക് നൽകി. ജോയിന്റ് ഇൻസ്പെക്ഷൻ പൂർത്തിയായി. സാമൂഹികാഘാത പഠനം നടത്തേണ്ടതുണ്ട്. |
| 10 | കോടിക്കൽ മുതൽ കൊളാവിപാലം വരെ | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായുൾപ്പടെ 64.47 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 26.02.2021-ൽ ലഭിച്ചിട്ടുണ്ട്. DVS (Detailed Valuation Survey)തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് എന്ന് തഹസിൽദാർ അറിയിച്ചതായി കെ ആർ എഫ് ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| 11 | കൊളാവിപാലം മുതൽ കോട്ടക്കൽകടവ് വരെ | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായുൾപ്പടെ 34.33 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 20.03.2022-ൽ നൽകിയിട്ടുണ്ട്. DVS തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടെന്ന് തഹസിൽദാർ അറിയിച്ചതായി കെ ആർ എഫ് ബി ,എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| 12 | കുഞ്ഞാലിമരക്കാർ പാലം | പ്രസ്തുത പ്രവൃത്തിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായുൾപ്പടെ 49.77 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 01.12.2020-ൽ നൽകിയിട്ടുണ്ട്. തഹസിൽദാർ ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. CRZ റിപ്പോർട്ട് തിരുവനന്തപുരം NCESS(National Center for Earth Science Studies) ൽ നിന്നും ലഭ്യമായി. ക്ലിയറൻസിനായി KCZMA(Kerala Coastal Zone ,Management Authority) ക്ക് നൽകിയിട്ടുണ്ടെന്ന് കെ ആർ എഫ് ബി പി എം യു എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |
| 13 | സാൻഡ്ബാങ്ക്സ് മുതൽ പൂഴിത്തല വരെ | പ്രസ്തുത പ്രവൃത്തിയുടെ സാമ്പത്തികാനുമതി കിഫ്ബിയുടെ പരിഗണനയിലാണ്. |